# തബ്‌ലീഗ് ജമാഅത്ത് ഉത്ഭവം, വളർച്ച

**മായിൻകുട്ടി സുല്ലമി**

തബ്‌ലീഗ് ജമാഅത്തിന് തുടക്കം കുറിച്ച പണ്ഡിതനാണ് ശൈഖ് മുഹമ്മദ് ഇൽയാസ്. അദ്ദേഹം തന്റെ ജമാഅത്തിന് രൂപവും ഭാവവും ശൈലിയും നൽകി. ഹിജ്റ 1303ൽ ശൈഖ് ഉത്തർപ്രദേശിലെ 'കാന്ധല'യിൽ ജനിച്ചു. ഹനഫീ മദ്ഹബുകാരനും ചിശ്ത്തിത്വരീഖത്തുകാരനുമായി അദ്ദേഹം അറിയപ്പെട്ടു. ശൈഖിന്റെ മരണശേഷം മകൻ മനസൂറാണ് അമീറാകുന്നത്. അനന്തരം ഇൻആമുൽ ഹസനും. അദ്ദേഹത്തിന് നാല് സൂഫീത്വരീഖത്തുകളുമായി ബന്ധമുണ്ട്. ചിശ്ത്തിയ്യ, ഖാദിരിയ്യ, സുഹ്റവർദിയ്യ, നഖ്ശബന്തിയ്യ എന്നിവയാണവ. സൂഫിസത്തിന്റെ ഫോട്ടോസ്റ്റാറ്റാണ് തബ്‌ലീഗ് ജമാഅത്തെന്ന് മനസിലാക്കാൻ പ്രയാസമില്ല. അവരുടെ സാഹിത്യങ്ങൾ അതിന്റെ തെളിവുകൾ നിറഞ്ഞതാണ്. തബ്‌ലീഗ് ജമാഅത്തിന്റെ നിഗൂഢത തുടക്കം മുതൽ കാണാം. തനിച്ച സൂഫീ സരണിയിലൂടെയാണ് ശൈഖ് മുഹമ്മദ് ഇൽയാസ് തന്റെ ജമാഅത്തിന് രൂപം നൽകുന്നത്. അദ്ദേഹം മദീനയിൽ താമസിക്കും കാലം തബ്‌ലീഗ് ജമാഅത്ത് ഉണ്ടാക്കുവാൻ ഇൽഹാമുണ്ടായി. ആ സംഭവം അബുൽ ഹസൻ അലി നദ്‌വി തന്റെ പുസ്തകത്തിൽ വിവരിക്കുന്നു:

"പുണ്യമദീനയിലെ ഈ താമസത്തിനിടയിൽ, ഇൽഹാം മുഖാന്തരം ഈ പ്രവർത്തനത്തിന്റെ കൽപന തനിക്കുണ്ടായി എന്ന് മൗലാന പറയുമായിരുന്നു. നാം നിന്നെക്കൊണ്ട് ഈ പ്രവർത്തനം നടത്തിക്കും എന്ന ഇൽഹാമുണ്ടായി. ഒരു കഴിവുമില്ലാത്ത തനിക്ക് എന്ത് ചെയ്യാൻ സാധിക്കും എന്ന പരിഭ്രമത്തിൽ ദിവസങ്ങൾ കഴിഞ്ഞുപോയി. ആരിഫുകളിൽപെട്ട ഒരു മഹാനോട് ഈ വിവരം ധരിപ്പിച്ചു. ആ പുണ്യപുരുഷൻ പറഞ്ഞു, പരിഭ്രമത്തിന്റെ എന്ത് കാര്യമാണിതിലുള്ളത്? നീ പ്രവർത്തിക്കും എന്നല്ലല്ലോ പറയപ്പെട്ടത്. നാം നിന്നെക്കൊണ്ട് പ്രവർത്തിപ്പിക്കും എന്നല്ലേ? ആയതിനാൽ പ്രവർത്തിപ്പിക്കുന്നവൻ പ്രവർത്തിച്ചുകൊള്ളും. പരിഭ്രമിക്കേണ്ടതില്ല. ആ മഹാന്റെ വാക്ക് കേട്ടപ്പോൾ മൗലാനക്ക് സമാധാനമായി. അതിനു ശേഷം മൗലാനാ മദീനാ മുനവ്വറയിൽ നിന്ന് മടങ്ങി. ഈ യാത്രയിൽ മക്കയിലും മദീനയിലുമായി അഞ്ച് മാസക്കാലം താമസിച്ചു. ഹിജ്റ 1345 റബീഉൽ ആഖിർ 13ാം തിയ്യതി മൗലാന കാന്ധലയിൽ മടങ്ങിയെത്തി. ഹജ്ജ് യാത്ര കഴിഞ്ഞ് മടങ്ങിയെത്തിയതിനു ശേഷം മൗലാനാ 'ഗശ്ത്' ആരംഭിച്ചു" (മൗലാനാ മുഹമ്മദ് ഇൽയാസ്,

ജീവിതവും ദൗത്യവും പേ. 85) തബ്ലീഗുകാർ അവരുടെ ദഅ്വത്തിന് സംഘമായി പുറപ്പെടുന്നതിനാണ് 'ഗശ്ത്' എന്നു പറയുന്നത്.

മഹാനും സൂഫിയും, കശ്ഫും സ്വപ്നവും ഇൽഹാമും കഥകളും ഖുറാഫാത്തുകളും ബിദ്അത്തുകളും ചേർന്നാൽ തബ്ലീഗ് ജമാഅത്തായി. മറ്റൊരു നിഗൂഢത നദ്വിയുടെ പുസ്തകത്തിൽ നിന്ന് തന്നെ ഉദ്ധരിക്കട്ടെ: "മൗലാന അവർകളുടെ മകൻ മൗലാനാ മുഹമ്മദ് യൂസുഫ് വിവരിക്കുന്നു, 'ബാബുൽ ഉംറ'യുടെ നേരെയുള്ള കെട്ടിടത്തിൽ ഞങ്ങൾ താമസിക്കുമ്പോൾ, ഒരു ദിവസം മൗലാനാ മുഹമ്മദ് ഇൽയാസ്(റ) അവർകൾ ചില കാര്യങ്ങൾ ഞങ്ങളോട് പറയുകയും ഞങ്ങൾ അത് ശ്രദ്ധയോടെ കേട്ടുകൊണ്ടിരിക്കുകയും ചെയ്യുമായിരുന്നു. പെട്ടെന്ന് ഒരാൾ ഒരു (സൂഫിവര്യൻ) വാതലിന് സമീപം വന്ന് നിന്ന് ഞങ്ങളോട് പറഞ്ഞു: 'നിങ്ങൾ ചെയ്യുന്ന ജോലി ചെയ്തുകൊണ്ടിരിക്കുക. അതിൻെറ പ്രതിഫലം വളരെ വലുതാണ്. അത് വെളിപ്പെടുത്തപ്പെട്ടാൽ, നിങ്ങൾക്ക് അത് താങ്ങാൻ കഴിയുകയില്ല. വിവാഹത്തിൻെറ സന്തോഷത്തിലും മരണത്തിൻെറ ദുഃഖത്തിലും ഉപരിയായിരിക്കുമത്. ഇത്രയും പറഞ്ഞതിനുശേഷം ആ സൂഫിവര്യൻ അവിടെ നിന്ന് നടന്നു നീങ്ങി. ആ മഹാൻ ആരാണെന്ന് ഞങ്ങൾക്കൊന്നും മനസിലായില്ല. മൗലാനാ(റ) അവർകൾ സംസാരം തുടർന്നുകൊണ്ടേയിരുന്നു. ആ ഭാഗത്തേക്ക് ശ്രദ്ധിച്ചതേയില്ല." (അ.പു.പേ. 99)

തബ്ലീഗ് രൂപീകരണത്തിൻെറ മറ്റൊരു അവലംബം സ്വപ്നമാണ്. മുഹമ്മദ് ഇൽയാസ് തന്നെ പറയുന്നു: "ഇന്നമാ തലക്കൈത്തു ത്വരീഖത്തത്തബ്ലീഗി ബിത്വരീഖിൽ കശ്ഫി ഫിൽമനാമി, ഈ തബ്ലിഗിൻെറ വഴിയും എനിക്ക് ഉറക്കത്തിൽ വെളിവായതാണ്." (മുഹമ്മദ് ഇൽയാസിൻെറ മൽഫൂളാത്ത് പേ. 44. ഉദ്ധരണം: ജമാഅത്തുത്തബ്ലീഗ് പേ. 27)

കിനാവ് കാണാൻ ഉറക്കം കിട്ടണം. അതിന് പ്രത്യേകതരം മരുന്ന് തലയിൽ പുരട്ടാൻ ശൈഖ് സംവിധാനം സ്വീകരിച്ചിരുന്നുവത്രെ. അതിലൂടെ ജ്ഞാനം പ്രവഹിക്കും. ഒരു പ്രസ്ഥാനത്തിന് രൂപം കൊടുത്ത ചരിത്ര പശ്ചാത്തലമാണ് മേൽ വിവരിച്ചത്. ഇബാദത്തുകൊണ്ടും ഇജ്തിഹാദുകൊണ്ടും സാധിക്കാത്ത കാര്യങ്ങൾ മുഹമ്മദ് ഇൽയാസ് സ്വപ്നത്തിലൂടെ നേടിയെടുത്തു. സാക്ഷാൽ കാന്തപുരം പോലും സ്വപ്നം തെളിവായിക്കാണുന്നില്ല.

മുസ്ല്യാർ പറയുന്നു, "അമ്പിയാക്കളൊഴിച്ചുള്ളവരുടെ സ്വപ്നങ്ങൾ ഇസ്ലാമിൽ രേഖയല്ല. സ്വപ്നദർശനം രേഖയായി പരിഗണിക്കുന്നതാണ്. സ്വഹാബിയുടെ സ്വപ്നവും രേഖയായി പരിഗണിക്കപ്പെടില്ല." (ശാഫി

ഈമദ്ഹബ്, അവതാരിക) സ്വപ്നം ഒഴിവാക്കിയാൽ തബ്ലീഗ് ജമാഅത്ത് തന്നെ ഉണ്ടാവില്ല.

പരിശുദ്ധ ഖുർആനിലെ മൂന്നാം അദ്ധ്യായം നൂറ്റിപത്താമത്തെ ആയത്തിന് സ്വപ്നം മുഖേന മുഹമ്മദ് ഇൽയാസിന് വ്യാഖ്യാനം ലഭിച്ചുപോൽ. “നിങ്ങൾ അമ്പിയാക്കളെപ്പോലെ ജനങ്ങൾക്കു വേണ്ടി വെളിവാക്കപ്പെട്ടവരാണ്... പ്രബോധനം മറ്റുള്ളവർക്ക് ഹിദായത്തിന് വേണ്ടിയല്ല. സ്വന്തത്തിൻെറ നൻമയാണ് ലക്ഷ്യം വെക്കേണ്ടത്” (ഉദ്ധരണം: ജമാഅത്തത്തബ്ലീഗ്, പേ. 27) തബ്ലീഗുകാരുടെ ശൈഖുൽ അക്ബറിൻെറ പ്രസ്താവനകൾ അക്ഷരാർത്ഥത്തിൽ ഞെട്ടിപ്പിക്കുന്നവയാണ്. ഇത്തരം അസാധാരണ തത്വങ്ങളുടെ പുകമറകൾ സൃഷ്ടിക്കുവാൻ സൂഫികൾ അതിസമർത്ഥരാണ്.

മുഹമ്മദ് ഇൽയാസും രഷീദ് അഹ്മദ് ഗംഗോഹിയും തമ്മിൽ ഹൃദയംഗമമായ ബന്ധം ഉണ്ടായിരുന്നു. അവർക്കിടയിൽ നടന്ന ഒരു ചർച്ച നദ്വി ഉദ്ധരിക്കുന്നു: “മൗലാനാ അവർകൾ (മുഹമ്മദ് ഇൽയാസ്) പറയാറുണ്ടായിരുന്നു, ‘ദിക്ർ ചെയ്യുമ്പോൾ എനിക്കൊരു ഭാരംപോലെ അനുഭവപ്പെട്ടിരുന്നു. ഹസ്രത്ത് ഗംഗോഹി(റ)യോട് വിവരം പറഞ്ഞപ്പോൾ ഹസ്രത്ത്(റ) ഞെട്ടിപോയി. ഹസ്രത്ത് പറഞ്ഞു:, ‘മൗലാനാ മുഹമ്മദ് ഖാസിം നാനുതവി(റ) ഇതേ പരാതി ഹാജി സാഹിബി(മൗലാനാ ഇംദാദുല്ലാ മുഹാജിർമക്കി)നോട് പറഞ്ഞപ്പോൾ അല്ലാഹു നിങ്ങളെക്കൊണ്ട് വലിയൊരു കാര്യം ചെയ്യിപ്പിക്കുമെന്ന് ഹാജിസാഹിബ് പറഞ്ഞിരുന്നു.” (മൗലാനാ മുഹമ്മദ് ഇൽയാസ് ജീവിതവും ദൗത്യവും, പേ. 56)

നാനുതവിയും ഇംദാദുല്ലയും തമ്മിലുള്ള സംഭാഷണം നമുക്ക് വായിക്കാം. അപ്പോൾ ഉള്ളുകള്ളി മനസിലാവും. നാനുതവി തൻെറ മുരീദായ ഇംദാദുല്ലയോട് പറഞ്ഞു ‘ദിക്ർ’ വേളയിൽ തനിക്ക് കടുത്ത ഭാരം അനുഭവപ്പെടുന്നു. നാനുതവി പറഞ്ഞു, ഇത് നുബുവ്വത്തിൻെറ ഫൈളാൻ (ഒഴുക്ക്) താങ്കളുടെ ഹൃദയത്തിലേക്ക് ഒഴുകുകയാണ്. നബിക്ക് വഹ്യിൻെറ സമയത്ത് അനുഭവപ്പെട്ട ഭാരം തന്നെയാണിത്. അമ്പിയാക്കൾ ചെയ്തുകൊണ്ടിരുന്ന ജോലി താങ്കളെക്കൊണ്ട് അല്ലാഹു നിർവ്വഹിപ്പിക്കും.” (അൽഖൗലുൽ ബലീഗ്, പേ. 220)

ചില പ്രശംസക്കാർ വിഷയം കൂടുതൽ വഷളാക്കി. നദ്വി പറയുന്നു: “ആത്മീയ ചിന്തയുള്ള ചില വ്യക്തികൾ ഈ അമൽ ഇലാഹിയായ ഒരു വെളിപാടാണ് എന്ന് പ്രഖ്യാപിക്കുകയുണ്ടായി. ഇത്രയും കാലം ഇത് അറിയപ്പെടാതിരുന്നല്ലോ എന്ന് അവർ അത്ഭുതം പ്രകടിപ്പിക്കുകയും ചെയ്തു.” (മൗലാനാ മുഹമ്മദ് ഇൽയാസ് ജിവിതവും ദൗത്യവും, പേ. 117)

## തബ്ലീഗും സൂഫിസവും

സൂഫി ശൈഖൻമാരൊടും ത്വരീഖത്തുകളോടും മുഹമ്മദ് ഇൽയാസിന് അനുരാഗാത്മകമായ ഭ്രമമായിരുന്നു ഉണ്ടായിരുന്നത്. അക്കാര്യം നദ്‌വി തന്നെ പറയുന്നു: "പ്രത്യേകമായ ചിട്ടകൾ പാലിച്ചുകൊണ്ട്, ത്വരീഖത്തിൻെറ ശൈഖുമാരുടെ സമീപം 'ഖാൻഖാഹിലെ' മര്യാദകൾ പാലിച്ചു ജമാഅത്തുകൾ കഴിഞ്ഞു കൂടണമെന്നുള്ളത് വളരെക്കാലമായി എൻെറ ആഗ്രഹമാണ്." (അ.പു. പേ. 117) കള്ളക്കഥകൾ ചിലവാകണമെങ്കിൽ ചോദ്യം ചെയ്യാത്ത മുരീദൻമാരുണ്ടാവണം. എന്തും എതും അവർ കൊത്തിവിഴുങ്ങും, പ്രചരിപ്പിക്കും. അവർക്ക് ആയത്തുകളും ഹദീഥുകളും തന്നെ തെളിവായിക്കിട്ടണമെന്ന വാശിയുണ്ടാവില്ല. ശൈഖൻമാരുടെ കിനാവുകളും കഥകളും അവർ ദൃഢമായി വിശ്വസിക്കും.

നദ്‌വി വീണ്ടും പറയുന്നു: "പ്രസ്ഥാനങ്ങളെ കൂടാതെ ആത്മീയപരമ്പരകൾ, ത്വരീഖത്തിൻെറ മശാഇഖൻമാരുമായി ബന്ധപ്പെട്ട വ്യക്തികൾ എല്ലാവരെ സംബന്ധിച്ചും മൗലാനായുടെ ഹൃദയവിശാലതയുടെ അവസ്ഥ ഇതു തന്നെയായിരുന്നു. ശൈഖുമാരുമായി ബന്ധമുള്ളവർ ഈ പരിശ്രമവുമായി ബന്ധപ്പെടുന്നതിൽ മൗലാനക്ക് വലിയ സന്തോഷമായിരുന്നു. അവരെ വളരെയധികം ആദരിക്കുകയും ചെയ്തിരുന്നു. മുജദ്ദിദി ത്വരീഖത്തിനെയും ഹസ്രത്ത് മൗലാനാ ഫസലുൽ റഹ്മാൻ സാഹിബ്(റ) അവർകളുമായി ബന്ധപ്പെട്ടവരെയും ഞാൻ പരിചയപ്പെടുത്തിയപ്പോൾ, മൗലാന വളരെ സന്തോഷിക്കുകയും അവരോട് വലിയ ആദരവ് പ്രകടിപ്പിച്ചുകൊണ്ട് ഇപ്രകാരം പറയുകയും ചെയ്തു. ഞാൻ ചെറുപ്പം മുതൽ മഹാൻമാരിൽ നിന്ന് കേട്ടുവരുന്ന കാര്യമാണ് രണ്ട് 'ഖുത്ബുകൾ' ഈ കാലയളവിൽ ജീവിച്ചിരുന്നു എന്നത്. പടിഞ്ഞാറ് ഹസ്രത്ത് ഗൻഗോഹിയും കിഴക്ക് ഹസ്രത്ത് മൗലാന ഫസ്ലുർറഹ്മാൻ സാഹിബും (അ.പു.പേ. 225)

ഉത്തമതലമുറകളിൽ ഇല്ലാത്ത വിശ്വാസങ്ങളും ആചാരങ്ങളുമാണ് തബ്ലീഗുകാർ താലോലിക്കുന്നത്. സൂഫികൾ, ത്വരീഖത്ത്, മദ്ഹബ്, തഖ്ലീദ്, ഗൗസ്സുകൾ, ഖുത്തുബുകൾ എന്നിവയൊന്നും അന്നില്ല. ഒരു സ്വഹാബിപോലും സൂഫി എന്ന പേരിൽ അറിയപ്പെടുന്നില്ല. തബ്ലീഗുകാർക്ക് സ്വഹിത്യ രചനകൾ നടത്തിയ "സക്കരിയ മൗലാന നക്ഷബന്തി ത്വരീഖത്തിലെ പതിനായിരക്കണക്കിന് മുരീദൻമാരുള്ള ശൈഖാണ്." (തബ്ലീഗിൻെറ മഹത്വങ്ങൾ. മുഖവുര) സൂഫികൾ പ്രചരിപ്പിക്കുന്ന മാരകമായ വിശ്വാസങ്ങൾ 'അമലുകളുടെ മഹത്വങ്ങളിലൂടെ ആസൂത്രിതമായി തബ്ലീഗുകാർ പ്രചരിപ്പിക്കുന്നു. വഹ്ദത്തുൽ വുജൂദ് സിദ്ധാന്തം പോലും തബ്ലീഗുകാർ ന്യായീകരിക്കുന്ന ദുരവസ്ഥ നമുക്ക് കാണാം.

മുഹമ്മദ് സകരിയ്യ കാന്തലവി പറയുന്നു: “നമ്മുടെ ശൈഖൻമാരുടെ രണ്ടു സംഭവങ്ങൾ മാതൃകക്കുവേണ്ടി ഇവിടെ എഴുതുവാൻ മനസ്സാശിക്കുന്നു. ഒന്നാമത്തേത് ശൈഖുൽ മഷാഇഖ് ഹള്റത് ഗൻഗോഹി (ഖുദ്ദിസസിർറഹു) അവർകൾ അദ്ദേഹത്തിൻെറ ശൈഖായ ഷൈഖുൽ അറബി വൽ അജംഹാജി ഇംദാദുല്ലാഹ് സാഹിബ് (അഅ്ലല്ലാഹു മറാത്തിബഹു) അവർകൾക്ക് എഴുതിയ എഴുത്താണ്. മകാതീബ് റഷീദിയ്യയിൽ അത് പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. (അദ്ദേഹം പറയുന്നു)... ഇനി കൂടുതൽ പറയുന്നത് അദബുകേടും അഹംഭാവവുമായി പ്പോകും. അല്ലാഹുവേ, മാപ്പു ചെയ്യേണമേ, ഷൈഖിൻെറ കൽപനയനുസിച്ച് എഴുതിയതാണ്. ഞാൻ വ്യാജനും ഒന്നുമല്ലാത്തവനുമാണ്. നിൻെറ നിഴൽ മാത്രമാണ്. നീ തന്നെയാണ് ഉള്ളത്. ഒന്നുമല്ല. ഞാൻ ഏതൊന്നായിരിക്കുന്നുവോ അത് നീ തന്നെയാണ്. ഞാനും നീയും എന്നതു തന്നെ (ഒരു നിലയിലുള്ള) ശിർക്കിൻെറ ഉള്ളിൽ ശിർക്കാണ്. അസ്തഗ്ഫിറുല്ലാഹ്... ഇനി പറയാൻ കഴിവില്ല.” (സ്വദഖയുടെ മഹത്വങ്ങൾ, പേ. 683) ഹല്ലാജിൻെറയും ആദിശങ്കരൻെയും സിദ്ധാന്തം തന്നെ. തനിച്ച അദ്വൈതം തുടർന്ന് നമുക്ക് വായിക്കാം. സൂഫികളെ ചാണിനു ചാണായും മുഴത്തിന് മുഴമായും അനുകരിക്കുന്ന തബ്ലീഗ് ജമാഅത്ത്, ബിദ്അത്ത് ജമാഅത്തായി മാറുകയാണ്. ബറേൽവികളും സമസ്തക്കാരും ഇവരുടെ പിന്നിൽ നിൽക്കണം. അല്ലെകിൽ ഒന്നിച്ചു നീങ്ങുകയും ചെയ്യാം.